# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1281** **01.07.2015-ൽ മറുപടിക്ക്**

## പി.ഡബ്ല്യു.ഡി. ലൈൻമാൻ നിയമനം

| ചോദ്യം<br>ശ്രീ. എം.എ. ബേബി | | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പി.ഡബ്ല്യു.ഡി. ലൈൻമാൻ നിയമനം സംബന്ധിച്ച് പത്തനംതിട്ട ജില്ലയിലെ ഉദ്യോഗാർത്ഥികൾ നൽകിയ പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പത്തനംതിട്ട ജില്ലയിൽ ലൈൻമാൻമാരുടെ 8 തസ്തികകളാണ് ഉള്ളത്. എന്നാൽ 18 തസ്തികകളുണ്ടെന്നും അത്രയും ഒഴിവുകൾ പി.എസ്.സി-യെ അറിയിക്കണമെന്നുമായിരുന്നു ഉദ്യോഗാർത്ഥികളുടെ പരാതിയിലെ ആവശ്യം. എന്നാൽ നിലവിലുള്ളത് 8 തസ്തികകൾ മാത്രമായതിനാലും ഈ തസ്തികയിൽ ഒഴിവില്ലാതിരുന്നതിനാലും ഉദ്യോഗാർത്ഥികളുടെ ആവശ്യത്തിന്മേൽ തുടർനടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. ഉദ്യോഗാർത്ഥിയായ ശ്രീ. എസ്.ഡി. ദിലീപ് സമർപ്പിച്ച ഒ.എ നം. 300/2014-ൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആവശ്യപ്പെട്ട പ്രകാരം കേസ്സിന്റെ അന്തിമ വിധിക്ക് വിധേയമായി ലൈൻമാന്റെ 10 ഒഴിവുകൾ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. |
| (ബി) | 25.07.83 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ലൈൻമാൻ, അസി. ലൈൻമാൻ, ഹെൽപ്പർ തസ്തികകളുടെ ആകെ എണ്ണം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ? | (ബി) | ജി.ഒ (എം.എസ്) നം. 80/83/പൊ.മ.വ, തീയതി 25.07.1983 ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ സബ് ഡിവിഷൻ പത്തനംതിട്ടയിൽ ലൈൻമാൻ 2, അസിസ്റ്റന്റ് ലൈൻമാൻ 2, ഹെൽപ്പർ 4, ഇലക്ട്രിക്കൽ സെക്ഷൻ പത്തനംതിട്ടയിൽ ലൈൻമാൻ 2, അസിസ്റ്റന്റ് ലൈൻമാൻ 2, ഹെൽപ്പർ-1, തിരുവല്ല സെക്ഷനിൽ ലൈൻമാൻ 2, അസിസ്റ്റന്റ് ലൈൻമാൻ 2, ഹെൽപ്പർ-1 എന്നീ തസ്തികകൾക്ക് താൽക്കാലിക അനുമതി നൽകിയിരുന്നു. ലൈൻമാൻ, അസിസ്റ്റന്റ് ലൈൻമാൻ, ഹെൽപ്പർ എന്നീ തസ്തികകൾ 01.03.1997 മുതൽ പ്രാബല്യത്തിൽ ഏകോപിപ്പിച്ചതിനാൽ |

ഇപ്പോൾ ലൈൻമാൻ തസ്തികകൾ മാത്രമാണുള്ളത്. ജി.ഒ (എം.എസ്) 16/2010/പൊ.മ.വ തീയതി 22.03.2010 പ്രകാരം 2010 മുതൽ തിരുവല്ല സെക്ഷനിൽ 4 ലൈൻമാൻമാരുടെയും പത്തനംതിട്ട ഇലക്ട്രിക്കൽ സെക്ഷനിൽ 4 ലൈൻമാൻമാരുടെയും വീതം തസ്തികകൾക്കാണ് സ്ഥിരാംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ തസ്തികകളിൽ 8 ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ